(ബി) അവയിൽ ആകെ എത്ര കേസ്സുകൾ ഇതുവരെ തീർപ്പുചെയ്തിട്ടുണ്ട്;

(സി) ഉടമ്പടി പ്രൊക്ലമേഷൻ നടപ്പിൽവരുന്നതിനു മുമ്പ് ഉടമ്പടി അവകാശം വിട്ടൊഴിഞ്ഞ അരികു തിരിച്ചു ഭാഗിക്കുന്നതിനായി സിവിൽ കോടതികളിൽ ഫയൽചെയ്ത വിസ്താരം നടന്നുവരുന്നതിൽ ഉടമ്പടി പ്രൊക്ലമേഷൻ നടപ്പിൽവരുത്തിയതു നിമിത്തം എത്ര കേസുകളുടെ വിസ്താരനടപടികൾ നിറുത്തിവയ്ക്കാൻ ഇടയായിട്ടുണ്ട്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ.എ. ജെ. ജോൺ):

(എ) നൂറ്, ഏകദേശം.

(ബി) ഫുൾ, നമ്പർ.

(സി) വിവരങ്ങൾ ശേഖരിച്ചുവരികയാണ്

ശ്രീ.സി. വി. ഐപ്പ്: ഉടമ്പടി എന്നു പറഞ്ഞാൽ കൊച്ചിക്കാരായ ഞങ്ങൾക്ക് മനസ്സിലാകുന്നില്ല.

ശ്രീ.എ. ജെ. ജോൺ: ഉടമ്പടി എന്താണെന്നു നിശ്ചയമില്ലാത്തവർക്ക് 'അതെന്താണെന്നു മനസ്സിലായില്ലെങ്കിൽ കുഴപ്പമൊന്നുമില്ല.

PUBLIC LATRINES IN THE MUVATTUPUZHA TOWN

*961.[54] Sri.N. P.Varghese: Will the Hon'ble Minister for Public Health be pleased to state whether Government have received any representation from Muvattupuha for the construction of public latrines in the thickly peopled parts of the Muvattupuzha town?

Minister for Finance and Revenue: (Sri. A. J. John) Yes.

ശ്രീ. എൻ. പി. വറുഗീസ്: ഇതിനു വേണ്ടിയുള്ള എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അന്വേഷണം നടത്തി റിപ്പോർട്ടുചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

MIDWIFE FOR MANNAMKANDAM DISPENSARY

*962. [55] Sri. N. P. Varghese: Will the Hon'ble Minister for Public Health be pleased to state the number of labour cases treated at the Mannamkandam Dispensary in 1125?

Minister for Finance and Revenue (Sri. A. J. John): There is no medical institution at Mannamkandam. So the question does not arise.

ശ്രീ. പി. കെ. ഡിവർ: 'മാന്നാംകണ്ടം' ഡിസ്പെൻസറി എന്നു പറയുന്നതു ഡിസ്പെൻസറിയുടെ പേരാണോ?

ശ്രീ. എ. ജെ. ജോൺ. അറിഞ്ഞുകൂടാ.

ശ്രീ. പി. കെ. ഡിവർ: അതു ഏതു പ്രദേശത്തിന്റെ പേരാണെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിയാം.

POTHANIKAD DISPENSARY

*963. [56] Sri. N. P. Varghese: Will the Hon'ble Minister for Public Health be pleased to state, whether Government are in receipt of a representation from the people of Pothanikad in Muvattupuzha taluk for the opening of a Dispensary?

LIBRARY ARCHIVES Kerala Legislative Assembly

Minister for Finance and Revenue (**Sri. A. J. John**): Yes.

ശ്രീ. എൻ. പി. വർഗീസ്: ഗവമ്മെണ്ട് ഇതിൽ എന്തു നടപടിയാണെടുത്തതു?

ശ്രീ. എ. ജെ. ജോൺ: ഒരു കെട്ടിടം കെട്ടി ഗവ.മെണ്ടിനെ എല്പിക്കുകയെന്നുള്ള കാര്യമാണ് ഇപ്പോഴുള്ളതു. അവർ കെട്ടിടം ഗവമെണ്ടിനെ എല്പിക്കുന്നതായാൽ ഇതേപ്പറ്റി ആലോചിക്കുന്നതാണ്.

HOSPITAL AT KUZHITHURAI

*964. [57] **Sri. R. Chellaswami Nadar**: Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) whether the Government have received representations from the public of Kuzhithurai to open a hospital at Kuzhithurai; and

(*b*) whether any steps have been taken to open the hospital?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ & ബി) കിട്ടിട്ടുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്തു: അതിന്മേൽ ഇപ്പോൾ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു: ചീഫ്മിനിസ്റ്റർ ഇതിനെപ്പറ്റി പരിശോധിക്കാമെന്നു പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: പരിശോധിക്കാമെന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്തു: ആ ആലോചന എങ്ങിനെയിരിക്കുന്നു?

ശ്രീ. എ. ജെ. ജോൺ: ഇപ്പോഴും അങ്ങിനെതന്നെയിരിക്കയാണ്.

Short Notice Question

ടി. ബി. ക്ലിനിക്കു

*൪. (൧) സാഹിബ് ബഹദൂർ കെ. എച്ചു. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മട്ടാഞ്ചേരി ടി. ബി. ക്ലിനിക്കു പ്രവർത്തനം ആരംഭിച്ചുവോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതല്ക്കാണു;

(സി) ഇതുവരെയും യാതൊരു മരുന്നും അവിടെ എത്തിയിട്ടില്ല എന്നുള്ള വിവരം അറിയാമോ;

(ഡി) ആശുപത്രി തുറന്നതുമുതൽ ദിവസവും വന്നുകൊണ്ടിരിക്കുന്ന രോഗികൾക്കും നിരാശപ്പെട്ടുപോകാതിരിപ്പാൻ മരുന്നുകൾ ഉടൻ എടുക്കുമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ, ബി) മട്ടാഞ്ചേരി ടി. ബി. ക്ലിനിക്കു 1 ന് 10 ഒക്ടോബർ 1950-നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ആവശ്യമുള്ള മരുന്നുകൾ അവിടെ ലഭിക്കുന്നുണ്ട്.

(ഡി) രോഗികൾക്കു് ആവശ്യമായ ചികിത്സ ലഭിച്ചുപോരുന്നുണ്ട്.

ശ്രീ. എം. ഐ. പാപ്പു: അവിടെ ഒരു ഡാക്ടറെയുള്ളുവെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: രണ്ടുപേരുണ്ടെന്നാണ് എന്റെ ഓർമ്മ.

LIBRARY ARCHIVES Kerala Legislative Assembly